# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 477      19.03.2013 ൽ മറുപടിക്ക്

### തൃശ്ശൂർ നഗരത്തിലെ ട്രാഫിക് പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | തൃശ്ശൂർ നഗരത്തിൽ നിലവിൽ നടപ്പാക്കിയിട്ടുള്ള ട്രാഫിക് പരിഷ്കരണ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരിഷ്കരണ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്; 15.11.2012 - ൽ തൃശ്ശൂർ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ മേയറുടെ സാന്നിദ്ധ്യത്തിൽ വിവിധ മേഖലയിലുള്ള രാഷ്ട്രീയ നേതാക്കളുടേയും, ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർത്ത് ട്രാഫിക് പരിഷ്കരണ നടപടികൾ ചർച്ച ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത ട്രാഫിക് പരിഷ്കരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം 13/02/2013 ൽ സ്പെഷ്യൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ബോർഡ് കൂടുകയും പുതുതായി ആവിഷ്കരിച്ച ട്രാഫിക് പരിഷ്കരണങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. തൃശ്ശൂർ ആർ.ടി.ഒ ചെയർമാനായ ഈ കമ്മിറ്റിയിൽ തൃശ്ശൂർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ), തൃശ്ശൂർ ട്രാഫിക് പോലീസ് സബ് ഇൻസ്പെക്ടർ എന്നിവർ മെമ്പർമാരാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രശ്നം ചർച്ച ചെയ്യാൻ അടിയന്തിരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുമോ? | (സി) | 2013 മാർച്ച് 18-ാം തീയതി രാവിലെ 11 മണിയ്ക്ക് മേയറുടെ അധ്യക്ഷതയിൽ യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ